പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4292

19.10.2011-ൽ മറുപടിയ്ക്ക്

# കാർഷിക മേഖലയും തൊഴിലുറപ്പ് പദ്ധതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കെ. വി. വിജയദാസ്<br>,, ബി . ഡി. ദേവസ്സി | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

എ. കേരളത്തിന്റെ ഭൂപ്രശ്നങ്ങളും കാർഷിക മേഖലയിലെ പ്രതിസന്ധിയും കണക്കിലെടുത്ത് കാർഷിക മേഖലയിലെ എല്ലാവിധ ജോലികളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുമോ ;

എ. നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ 9 ഇനം പ്രവൃത്തികളിൽ 7 ഇനവും കാർഷിക മേഖലയുടെ വികസനവും, നിലനിൽപ്പും സംരക്ഷണവുമായി ബന്ധപ്പെട്ടതാണ്. ഇതിലുപരിയായി താഴെപറയുന്ന പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിലെ നെൽകൃഷി, ഹോർട്ടികൾച്ചർ എന്നിവയും പാവപ്പെട്ടവരുടെ സ്വയം സഹായ സംഘങ്ങൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന ഭൂമിയിലെ കാർഷിക പ്രവൃത്തികൾ, പത്ത് ഹെക്ടറോ അതിൽ താഴെയോ വിസ്തീർണ്ണമുള്ള ചെറുകിട തോട്ടങ്ങളിലെ നീർത്തടാധിഷ്ഠിത പ്രവൃത്തികൾ തുടങ്ങിയവ.

ബി. തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പദ്ധതികളുടെകൂട്ടത്തിൽ കാർഷിക മേഖലയിലെ എല്ലാവിധ ജോലികളും ഉൾപ്പെടുത്താൻ ആവശ്യമായ അനുമതി നൽകാൻ സർക്കാർ തയ്യാറാകുമോ ?

ബി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമായ പ്രവൃത്തികൾ ഏതെന്ന് തീരുമാനിക്കുന്നത് കേന്ദ്രസർക്കാരാണ്.

സെക്ഷൻ ഓഫീസർ.